## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *383** — **24.08.2017- ൽ മറുപടിക്ക്**

## ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി വിഭാവനം ചെയ്ത ആവാസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത് എന്ന് അറിയിക്കുമോ; | (എ) 27.10.2016-ലെ സ.ഉ.(സാധാ) നം.1325/16/തൊഴിൽ ഉത്തരവ് പ്രകാരം ആവാസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ അംഗമാകുന്ന ഈ തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (സി) പദ്ധതി പ്രാബല്യത്തിൽ വന്നുവോ എന്നും ഇതുസംബന്ധിച്ചുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് എന്നും വെളിപ്പെടുത്താമോ; | (സി) 27.10.2016-ലെ സർക്കാർ ഉത്തരവു പ്രകാരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 സെപ്റ്റംബർ ആദ്യവാരത്തോടുകൂടി ബോധവല്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ച് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതി |

| | |
|---|---|
| | നടത്തിപ്പ് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന 21.07.2017-ലെ സർക്കുലർ നമ്പർ 11/17 ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പദ്ധതി സമയബന്ധിതമായാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ